(സി) 1.85 കോടി രൂപ ചെലവുവരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

എ.ഇ.ഒ. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി

21 [3001] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*

„ *കളത്തിൽ അബ്ദുള്ള:*

„ *കെ. എൻ. എ. ഖാദർ:*

„ *ഇസ്ഹാക് കുരിക്കൾ:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ എ.ഇ.ഒ. ഓഫീസിന് 20 ലക്ഷം രൂപ ചെലവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ 19-5-2005-ന് കോഴിക്കോട് ബിൽഡിംഗ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ നടത്തിയിരുന്നെങ്കിലും ആയതിന് ബിൽഡിംഗ് ചീഫ് എഞ്ചിനീയർ ഇതുവരെയും അപ്രൂവൽ നൽകിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച എ.ഇ.ഒ. ഓഫീസിന്റെ വർക്ക് ടെണ്ടർ ചെയ്ത് ഇനിയും അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നീട്ടിക്കൊണ്ടുപോകാതിരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ടെണ്ടറിന് അനുമതി നൽകിയ ഉടനെ എ.ഇ.ഒ. ഓഫീസിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ഉത്തരവ് നൽകുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) — (ഡി) ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റിയുടെ തീരുമാനത്തിനുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ബംബ്രാണ പാലം നിർമ്മാണം

22 [3003] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിൽ ബംബ്രാണ പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം മണ്ഡലത്തിൽ ബംബ്രാണ പാലം നിർമ്മിക്കുന്നതിന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി എൽ.ബി.എസ്സ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊടുങ്ങല്ലൂരിലെ ആല-ഗോതുരുത്ത് പാലം

23 [3004] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ആല-ഗോതുരുത്ത് പാലത്തിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ഈ പാലം ഇപ്പോൾ ഗതാഗതയോഗ്യമാണോ;

(ഡി) ഇതിനുപകരം പാലം നിർമ്മിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ പാലം ഗതാഗതയോഗ്യമല്ല, ഒരു നടപ്പാലം (ഫൂട്ട് ബ്രിഡ്ജ്) മാത്രമാണ് നിലവിലുള്ളത്.

(ഡി) സാങ്കേതിക റിപ്പോർട്ട് പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

(ഇ) ബാധകമല്ല.

കൊടുങ്ങല്ലൂരിലെ അഴീക്കോട് പാലം

24 [3005] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ അഞ്ചപ്പാലം അഴീക്കോട് റൂട്ടിലെ അഴീക്കോട് പാലം അപകടാവസ്ഥയിലായകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അറ്റകുറ്റപ്പണിക്ക് എന്തെങ്കിലും നിർദ്ദേശം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly